**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2598** **02-08-2021 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ പ്രേരക് മാരുടെ വേതനം ഉറപ്പ് വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സാക്ഷരതാ പ്രേരക് മാരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച് അവരുടെ വേതനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് പ്രേരക് മാരെ തദ്ദേശസ്വയംഭര സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കാനുള്ള നടപടികൾ നടന്നുവരികയാണ്. പ്രേരക്മാരുടെ പുനർവിന്യാസം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 14.07.2021-ൽ വിളിച്ചുചേർത്ത യോഗത്തിൽ, പുനർവിന്യാസം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളു ന്നതുവരെ പ്രേരക് മാരുടെ 2021 ഏപ്രിൽ മുതലുള്ള ഓണറേറിയം നിലവിലുള്ള രീതിയിൽ മിഷന്റെ 2021-ലെ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് പ്രേരക് മാരുടെ 2021 ഏപ്രിൽ, മെയ് മാസങ്ങളിലെ ഓണറേറിയം വിതരണം ചെയ്തു കഴിഞ്ഞു. |
| (ബി) | സാക്ഷരതാ പ്രേരക് മാർക്ക് മാസങ്ങളായി വേതനം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന സാക്ഷരതാമിഷനിലെ പ്രേരക് മാരുടെ 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള ഓണറേറിയം, സാക്ഷരതാമിഷന് ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി 26.02.2021 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രേരക് മാരുടെ പുനർ വിന്യാസം സംബന്ധിച്ച് വിവിധവകുപ്പുകളുമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷത യിൽ 14.07.2021 ൽ ചേർന്ന യോഗതീരുമാനത്തിൽ, പുനർവിന്യാസം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതു വരെ പ്രേരക്മാരുടെ 2021 ഏപ്രിൽ മുതലുള്ള ഓണറേറിയം നിലവിലുള്ള രീതിയിൽ മിഷന്റെ 2021-ലെ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാ |

| | | | |
|---|---|---|---|
| | | | ണെന്നും നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് പ്രേരക് മാരുടെ 2021 ഏപ്രിൽ, മെയ് മാസങ്ങളിലെ ഓണറേറിയം വിതരണം ചെയ്തു കഴിഞ്ഞു. പ്രേരക് മാരുടെ പ്രവൃത്തിദിനങ്ങൾ, അവധി തുടങ്ങിയ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യാൻ പ്രേരക് മാരുടെ ഭാഗത്തുനിന്ന് കാലതാമസം വന്നതിനാൽ 2021 ജൂൺ മാസത്തെ ഓണറേറിയം വിതരണം ചെയ്തിട്ടില്ല. |
| (സി) | വേതനത്തിന് പുറമെ പ്രേരക് മാർക്ക് നൽകി വരുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | വേതനത്തിന് പുറമെ പ്രേരക് മാർക്ക് അതതു വർഷം സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവബത്തയും, സാക്ഷരതാമിഷന്റെ തനതു ഫണ്ടിൽ നിന്നും ഗുരുതര രോഗങ്ങൾക്കായി ഒറ്റത്തവണമാത്രം ചികിത്സാ ധനസഹായമായി 50,000/- രൂപയും മരണാന്തര ധനസഹായമായി പ്രേരക് മാരുടെ കുടുംബങ്ങൾക്ക് 75,000/- രൂപയും അനുവദിച്ചു വരുന്നു. വനിതാ പ്രേരക് മാർക്ക് 6 മാസം വേതനത്തോടു കൂടിയുള്ള പ്രസവാവധിയും, കോവിഡ്-19 ബാധിച്ച പ്രേരക് മാർക്കും, ക്വാറന്റൈനിൽ കഴിയേണ്ടിവരുന്ന പ്രേരക് മാർക്കും വേതനത്തോടുകൂടിയുള്ള സ്പെഷ്യൽ കാഷ്വൽ അവധിയും അനുവദിച്ചു വരുന്നു. കൂടാതെ എല്ലാ പ്രേരക് മാർക്കും വർഷത്തിൽ 12 ദിവസത്തെ വേതനത്തോടുകൂടിയുള്ള കാഷ്വൽ അവധിയും അനുവദിച്ചുവരുന്നു. |
| (ഡി) | കോവിഡ് ഡ്യൂട്ടി നിർവ്വഹിക്കുന്ന പ്രേരക് മാരെ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ? | (ഡി) | കോവിഡ് ഡ്യൂട്ടി ചെയ്യുന്ന പ്രേരക് മാരെ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ല. എങ്കിലും പ്രേരക് മാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വന്നിരുന്നു. സാക്ഷരതാമിഷന്റെ വിഹിതവും പ്രേരക് മാരുടെ വേതനത്തിൽ നിന്നും പിടിക്കുന്ന വിഹിതവും ചേർത്താണ് ഇൻഷ്വറൻസ് തുക അടച്ചിരുന്നത്. ഇവ വർഷംതോറും പുതുക്കി വന്നിരുന്നു. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുടെ ഇൻഷ്വറൻസ് പരിരക്ഷ 22.06.2021-ന് അവസാനിച്ചു. നിലവിൽ പ്രേരക് മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നതിന് നടപടി നടന്നുവരുന്നതിനാൽ പ്രേരക് മാരുടെ ഇൻഷ്വറൻസ് പുതുക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ